



**കഥ**

# ഒരു പ്രണയം അതിന്റെ അന്ത്യം

**ഇ. കരുണാകരൻ**

**പെ**ട്ടെന്ന്, അയാൾക്ക് ഒരു ചുംബനം കിട്ടി; നെറ്റിയിൽ അതിദീർഘമായൊന്നായി തോന്നിയെങ്കിലും അപ്പോൾ തന്നെ അവസാനിച്ചത്. അയാൾ അവളുടെ കഴുത്തിലും മുലകളിലും മുഖമമർത്തി. എന്റെ ദൈവമേ, ഇനിയൊരിക്കലും ഞാനിവനെ കാണില്ലല്ലോ – ദുരന്താന്ത്യങ്ങളായ പ്രവചനങ്ങൾ പറയാനിരിക്കുന്ന ഒരു ഗൗളിയായി അവളുടെ വാക്കുകൾ രൂപം മാറുകയായിരുന്നു. അയാൾ, തന്റെ നിരാലംബമായ ആലിംഗനങ്ങളിൽ അവളെ ഓർമകളോട് ചേർത്തുപിടിക്കുകയും...

ഹിറ്റ്ലറുടെ മീശവച്ച് ഗോദോ പ്രത്യക്ഷപ്പെടാനിരിക്കുന്ന തെരുവിലെന്നപോലെ അയാളുടെ തെണ്ടിസ്വപ്നങ്ങൾ കൂട്ടം ചേരുകയായിരുന്നു. പെട്ടെന്നുള്ള സ്വപ്നസംഘങ്ങൾ അയാളെ ആക്രമിച്ചുകൊണ്ടിരിക്കുന്നു. മറ്റു ചിലപ്പോൾ മുറിയിൽനിന്നും താനറിയാതെ, തന്റെ ആത്മാവ് ഒരു സംഘം തെണ്ടികളായി വിഭജിക്കപ്പെട്ട് തെരുവിൽ ശരീരങ്ങൾ തേടുകയായിരുന്നു. അവളുമായുള്ള തന്റെ എല്ലാ പ്രണയവും അവസാനിപ്പിച്ചുകൊണ്ട് അയാൾ അവൾക്കെഴുതി: ഞാനിതോടെ നിന്നെക്കുറിച്ച് ഓർക്കുന്നത് അവസാനിപ്പിക്കുകയാണ്. നിന്നെയെന്നല്ല, എന്നെയും നിന്നെയും സംബന്ധിക്കുന്ന എല്ലാം.

മിലീനയ്ക്ക് വലിയ ചെവികൾ വരച്ചുവെച്ചാൽ കാഫ്കയുടെ പ്രണയമാവുമെന്ന് ഒരു കത്തിൽ അയാൾ അവൾക്കെഴുതിയിരുന്നു. ഇപ്പോൾ നിന്നെ ഓർക്കുമ്പോൾ നിന്റെ ഏറ്റവും ഭംഗിയുള്ള രൂപമാറ്റങ്ങൾ എനിക്കുമുണ്ടാകണം. കൈമാറിയ പ്രണയ സന്ദേശങ്ങളുടെ സമാഹാരത്തിന് യേശു എഴുതുന്ന ആമുഖക്കുറുപ്പിലെ ആദ്യത്തെ വരിതേടി, നിന്റെ പൊക്കിൾകുഴിയിൽനിന്ന് ഞാനൂതിയെടുത്ത കുഴിയാനക്ക് ഏതുഭഗവാന്റെ തിടമ്പ് വെയ്ക്കുമെന്ന് അദ്ഭുതപ്പെട്ട് – അങ്ങനെ, നിരുപദ്രവങ്ങളായ സംശയങ്ങൾകൊണ്ട് നമുക്ക് പ്രണയത്തിലേക്ക് നാടുവിടാമായിരുന്നു.

മുറിയിലിരിക്കുമ്പോൾ, ജനലിന്നപ്പുറത്ത്, ഒരു കടൽ ഇല്ലാതിരുന്നിട്ടും അയാൾ വല്ലാത്തൊരു കടൽ കാണുകയായിരുന്നു. ജനലിന്നപ്പുറത്ത്, ആകാശവും കടലും ഒന്നിച്ചിരുന്നു. കടലിലൂടെ ഒഴുകി നീങ്ങുന്ന മേഘങ്ങളെ പുഴക്കിയെറിഞ്ഞുകൊണ്ട് തിരകൾ ഉയർന്നു.

കടലിന്റെ നീല വിസ്മൃതിയിൽനിന്ന് പെട്ടെന്ന് പറന്നുയർന്ന ഒരു കടൽപക്ഷിയാണ് ഇപ്പോൾ മനസ്സിൽ. പ്രണയത്തിൽനിന്നും പുറത്താക്കപ്പെട്ടവന്റെ സ്വപ്നങ്ങൾ കടലും ആകാശവും മാറി മാറി വീശിയെടുക്കുന്നു. കുഴമറിച്ചിടുന്നു – കൗതുകമുള്ള ഒരു കുട്ടിയെ മാറി മാറിയെടുക്കുന്ന സ്കൂൾ കുട്ടികളെപ്പോലെ. ഇപ്പോൾ കടൽപക്ഷിയെ കാണാനില്ല. പകരം, വൈധവ്യം പോലെ വെളുത്തു വളരുന്ന ഒരു വലിയ തിര. തിരയുടെ വൻമതിൽ. ഞാനിപ്പോഴും നിന്നെ പ്രേമിക്കുന്നുണ്ടോ?

സ്വപ്നവും വാക്കും പരസ്പരം കൊത്തിപ്പറിച്ചു നീങ്ങുന്നു. അയാൾ പഴയതിനും പുതിയതിനും ഇടയ്ക്ക് എന്തെല്ലാമോ ഓർത്തുകൊണ്ടിരുന്നു. അവർക്കെഴുതുന്ന ഏറ്റവും ഒടുവിലത്തെ കത്ത്, തന്റെ തന്നെ ഓർമകളും സ്വപ്നങ്ങളും മുറിക്കുപുറത്തുള്ള സംഭവങ്ങളുംകൊണ്ട് നിരന്തരം തടസ്സപ്പെട്ടുകൊണ്ടിരുന്നു.

തൊട്ടുമുൻപ്, വാതിൽക്കൽ, മുഷിഞ്ഞു കറുത്ത ഒരു പെൺകുട്ടി വന്നുനിന്നു. പഴയ സാധനങ്ങൾ, ടിന്നോ, പേപ്പറോ, കുപ്പിയോ – പഴയതെന്തും അന്വേഷിച്ചാണ് അവൾ വന്നത്. ഞാനവളോട് ഞാനാണിവിടുത്തെ പഴയ വസ്തുവെന്ന് പറഞ്ഞു. എന്നെ കൊണ്ടുപോയ്ക്കൊള്ളാനും. അവൾ, മുഖത്ത് ലജ്ജവരുത്തി, താങ്കളെ ഞാൻ കല്യാണം കഴിച്ചാകാം അതെന്നുപറഞ്ഞ് ഓടിപ്പോയി. ഇനിയും അവൾ വരികയാണെങ്കിൽ, തീർച്ചയായും ഒരു വിവാഹമായി, ഞാനവളുടെ വലിയ ചാക്കിൽ കയറിക്കിടന്നേക്കും. നാടുകടത്തുന്ന ഒരു പൂച്ചയെപ്പോലെ ഞാനെന്നത്തന്നെ രഹസ്യമായി കൊണ്ടുപോയേക്കും.

ഭൂമിയിൽ പ്രണയത്തിന്റെ സാധ്യത അത്രയൊന്നും തിളക്കമുള്ളതല്ലെന്നും അയാൾ അവളുടെ കറുത്ത വിരലുകളുടെ നനവും പേരറിയാത്ത കാട്ടുചെടികളുടെ മണമുള്ള മുടിയും ഏറ്റവും ഒടുവിലായി ഓർക്കുന്നുവെന്നും എഴുതി. ഭൂമിയിൽ എല്ലായിടത്തും, മനുഷ്യരുള്ളിടത്തൊക്കെ നിന്നെയും മുതുകിലേറ്റി, ഉപ്പു വേണോ – എന്നും ചോദിച്ച് നടക്കണമെന്നുണ്ട് എനിക്ക് – അങ്ങനെ അവസാനിപ്പിച്ചുകൊണ്ട്, ഒരു കോട്ടുവാ ഇട്ടുകൊണ്ട്, അയാൾ അവളെ ഓർക്കാൻ ശ്രമിച്ചു. പിന്നെ, അല്പം നീണ്ടുപോയ അതേ കോട്ടുവായുടെ അവ

സാനം. അതേ ഓർമയുടെ അവസാനം, അയാൾ തന്റെ മുറിയുടെ വാതിൽ തുറന്നു. വാതിലിന്നപ്പുറത്ത്, പഴയ സാധനങ്ങൾ അന്വേഷിച്ചെത്തിയ പെൺകുട്ടി നിൽപ്പുണ്ടായിരുന്നു. അവൾ മുഖത്ത് ഏതോ വിലകുറഞ്ഞ വല്ലാത്ത മണമുള്ള, പൗഡറിട്ടിരുന്നു.

അവൾ ചിരിച്ചു. ഉള്ളം കൈയിലെ വിയർപ്പിൽനിന്നും ഏതാനും ചില്ലറത്തുട്ടുകൾ അടർത്തിയെടുത്തു. നീട്ടി, നിലത്തുവെച്ചു പിന്നെ, ചുമലിലിട്ടിരുന്ന വലിയ ചാക്ക് അയാൾക്ക് നേരെ നിവർത്തി കാണിച്ചു.

ജനലിനപ്പുറത്ത്, ഒരിക്കലും ഇല്ലാതിരുന്ന കടൽ, നേർത്തശബ്ദത്തിൽ എന്തോ പറഞ്ഞുകൊണ്ട് അവസാനിക്കുന്നു. ഒരുപക്ഷേ, മുൻപു കണ്ട, മുൻപു കേട്ട കടലിന്റെ പ്രക്ഷുബ്ധത മുഴുവൻ ശാന്തയായ ഈ പെൺകുട്ടി ആവാഹിച്ചാണ് വന്നിരിക്കുന്നതെന്നു അയാൾക്കു തോന്നി. നിരാലംബമായ ഒരു പ്രണയത്തെക്കുറിച്ചുള്ള വിചാരങ്ങൾ ഞാനവസാനിപ്പിച്ചു. അതുവരെ ഇല്ലാതിരുന്ന പുതിയതു തന്നെയായ ഒരേകാന്തത, ഒരധിനിവേശകനെപ്പോലെ എന്നിൽ വളർന്നു. എനിക്കു കരയണമെന്നു തോന്നി. എന്റെ കണ്ണുകൾ നനഞ്ഞു നിറയുകയും ചെയ്തു. ഈശ്വരാ. ഞാനിവളെ ഇപ്പോഴും സ്നേഹിക്കുന്നുവല്ലോ – എന്നോർത്ത്, അങ്ങനെ ഭയപ്പെട്ട്, അയാൾ നിസ്സഹായമായ സ്വയം പരിഹാസ്യതയോടെ നിന്നു.

പെൺകുട്ടിയുടെ പഴയ ചാക്കിലേക്കു കുനിഞ്ഞിറങ്ങുന്നതിനു മുൻപ്, അവൾ നിലത്തു വച്ചിരുന്ന നാണയങ്ങൾ എടുത്ത് ഓരോന്നായി, ജനലിന്നപ്പുറത്ത് ഒരിക്കലും ഇല്ലാതിരുന്ന കടലിലേക്ക്, അയാൾ എറിഞ്ഞിരുന്നു.

നീ എന്താണ് എന്നെ ചെയ്യുക – അയാൾ പെൺകുട്ടിയോട് ചോദിച്ചു. ഈ നഗരത്തിൽ താങ്കളേയും മുതുകിലിട്ട് പഴയ ടിന്നോ, കടലാസോ പഴയ സാധനങ്ങൾ എന്തെങ്കിലുമുണ്ടോ എന്നു ചോദിച്ചു നടക്കും – അവൾ പറഞ്ഞു. അയാൾ, മററൊരു ചോദ്യത്തിനുവേണ്ടി, എങ്കിൽ അതിനെന്തായിരിക്കും അവളുടെ മറുപടി എന്നാലോചിച്ചുകൊണ്ട് ഒരു പഴയ വസ്തുവായി ചാക്കിൽ, കുട്ടിയുടെ മുതുകിൽ, ചുരുണ്ടു കിടന്നു. അല്ലെങ്കിൽ, ഇനിയുമൊരു പ്രണയത്തിനും ഒട്ടും വയ്യാതെ, വളരെ പതുക്കെ, സ്വയം അലിഞ്ഞു തീരാൻ തുടങ്ങിയിരുന്നു.